(ബി) ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ഒഴിവായ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ഭരണാനുമതി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 29-12-2005-ലെ സർക്കാർ ഉത്തരവ് (സാ) നം. 3748/05/ആകുവ. പ്രകാരം നൽകിയിട്ടുണ്ട്. ജില്ലാ ആശുപത്രിയുടെ ഒ. പി. വിഭാഗം പൂർണ്ണമായും പഴയ മെഡിക്കൽ കോളേജ് കെട്ടിടത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഐ. പി. വിഭാഗത്തിൽ 110 കിടക്കകളും, രോഗികളുമടക്കം നാല് വാർഡുകൾ മാറ്റിക്കഴിഞ്ഞു.

(സി ആന്റ് ഡി) 6-12-2005-ൽ ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് 29-12-2005-ന് സ.ഉ (സാ) നം. 3748/05/ആകുവ. പ്രകാരം ഇമ്മ്യൂണൈസേഷൻ, സ്റ്റെറിലൈസേഷൻ എന്നിവയുൾപ്പെടെയുള്ള ഡേകെയർ ക്ലിനിക്കൽ പ്രവർത്തനങ്ങൾക്കായി സ്ത്രീകൾക്കും, കുട്ടികൾക്കുമുള്ള ആശുപത്രി നിലനിർത്താനും ഐ. പി. വിഭാഗത്തിലെ രോഗികളെ തൊട്ടടുത്തുള്ള തൃശൂർ ജില്ലാ ആശുപത്രിയുടെ ഒഴിഞ്ഞ കെട്ടിടത്തിലേക്ക് മാറ്റാനും ഉത്തരവായി. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

108 [565] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, ചെർക്കളം അബ്ദുള്ള:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ ഉണ്ട്;

(ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ ഒഴിവുകൾ എല്ലാം നികത്തുന്നതിന് എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3900 തസ്തികകൾ.

(ബി) 518 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(സി ആന്റ് ഡി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നിർബന്ധിത ഗ്രാമീണ സേവനം മുഖേനയും പി. എസ്. സി. മുഖേനയും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രമോഷൻ തസ്തികകളിലേക്ക് ഡി.പി.സി. യോഗം മുഖേന സെലക്ട് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly